# കേരളത്തിലും തമിഴ്നാട്ടിലും ഒരേസമയം കൊപ്ര സംഭരണം

കൊച്ചി: നാഫെഡും മറ്റ് സംസ്ഥാനതല സംഭരണഏജൻസികളും ഉടൻ കൊപ്ര സംഭരണം ആരംഭിക്കും. നാളികേര വികസനബോർഡ് ആസ്ഥാനത്ത് ചേർന്ന സംഭരണഏജൻസികളുടെ അടിയന്തരയോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്. ആട്ടുകൊപ്രയുടെ വിപണിവില താങ്ങുവിലയിലും താഴേക്ക് പോകുന്ന സാഹചര്യത്തിൽ താങ്ങുവിലയ്ക്ക് കൊപ്ര സംഭരിക്കുന്നതിന് നടപടി എത്രയും വേഗം ആരംഭിക്കാനാണ് നാളികേര വികസനബോർഡിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ യോഗം ചേർന്നത്. കേന്ദ്ര സംഭരണഏജൻസിയായ നാഫെഡ്, മുൻ വർഷത്തെ സംസ്ഥാനതല സംഭരണ ഏജൻസികളായിരുന്ന കേരഫെഡ്, കൺസ്യൂമർഫെഡ്, മാർക്കറ്റ് ഫെഡ് തമിഴ്നാട് സർക്കാറിന്റെ ഏജൻസിയായ ടാൻഫെഡ് എന്നിവയുടെ പ്രതിനിധികളും സംസ്ഥാന കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായാണ് ബോർഡ് ചർച്ച നടത്തിയത്.

നാളികേര വികസന ബോർഡ് ചെയർമാന്റെ ചുമതല വഹിക്കുന്ന എം. തോമസ് മാത്യു നയിച്ച ചർച്ചയിൽ നാഫെഡിനെ പ്രതിനിധാനംചെയ്ത് ബ്രാഞ്ച് മാനേജർമാരായ എൻ. ഗുരുസ്വാമി (ചെന്നൈ), രാമചന്ദ്രൻ (കൊച്ചി), ആർ.ജി. നായർ (കോഴിക്കോട്) എന്നിവരും കേരഫെഡ് ചെയർമാൻ വി.പി. ശശീന്ദ്രൻ, ഡയറക്ടർ പി.ഐ. ശിവകുമാർ, ടാൻഫെഡ് പ്രതിനിധി സ്പെഷൽ ഓഫീസർ കെ. ബാലസുബ്രഹ്മണ്യം, ബാബു (അഡീഷനൽ സെക്രട്ടറി, കേരള സംസ്ഥാന പ്രൈസസ് ബോർഡ്), ബോർഡ് ഡയറക്ടർ ഡോ. കെ. മുരളീധരൻ, ബോർഡ് സെക്രട്ടറി അനൂപ് കുമാർ നന്തി തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽ കൊപ്ര സംഭരണത്തിനാവശ്യമായ കർമ പരിപാടികൾ ആവിഷ്കരിച്ചു. 2012 വർഷം കാലാനുസൃതമായി കേരളത്തിലും തമിഴ്നാട്ടിലും സംഭരണ പ്രവർത്തനങ്ങൾ നടത്താൻ വേണ്ട പ്രവർത്തന കലണ്ടർ വിശദമായ ചർച്ചയിലൂടെ രൂപവത്കരിച്ചു.

കേരളത്തിലും തമിഴ്നാട്ടിലും ഓരേസമയം സംഭരണ പ്രവർത്തനങ്ങൾ ആരംഭിക്കും.

## തേങ്ങയുടെ താങ്ങുവില 1400 രൂപ

കൊച്ചി: പൊതിച്ച തേങ്ങയുടെ വില ക്വിന്റലിന് 1400 രൂപയായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു. കഴിഞ്ഞ രണ്ടുവർഷത്തെ താങ്ങുവിലയിലും 17ശതമാനം കൂടുതലാണിത്. 2010 - 11 വർഷങ്ങളിലെ പൊതിച്ച തേങ്ങയുടെ താങ്ങുവില ക്വിന്റലിന് 1200 രൂപയായിരുന്നു.